പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1995 | 16/02/2016-ൽ മറുപടിക്ക്

## പ്രത്യേക വനമേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
| (എ) മറയൂർ, കാന്തല്ലൂർ മേഖലകളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ജീവനക്കാർക്ക് മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും കൂടുതലായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; ഓരോ തസ്തികയിലും പ്രസ്തുത രീതിയിൽ നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) മറയൂർ ഡിവിഷനിൽ ജോലിനോക്കുന്ന ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വാച്ചർ, ഡ്രൈവർ, ട്രൈബൽ വാച്ചർ എന്നിവർക്ക് അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% സ്പെഷ്യൽ അലവൻസായി നൽകി വരുന്നുണ്ട്. |
| (ബി) ചന്ദന ഡിവിഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏതു വർഷം മുതലാണ് പ്രത്യേക അലവൻസുകൾ നൽകി വരുന്നത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അലവൻസുകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) 01.12.2009-ലെ സ.ഉ(സാധാ)നം.681/2009/വനം ഉത്തരവു പ്രകാരമാണ് സ്പെഷ്യൽ അലവൻസ് നൽകി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിലൂടെ അടിസ്ഥാന ശമ്പളത്തിൽ ഉണ്ടായ വർദ്ധനവ് പ്രസ്തുത സ്പെഷ്യൽ അലവൻസിലും ബാധകമാണ്. |
| (സി) ചന്ദന ഡിവിഷനിൽ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതുപോലെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റേതെങ്കിലും | (സി) ഇല്ല. |

| | |
|---|---|
| മേഖലകളിൽ വനം വകുപ്പ് ജീവനക്കാർക്ക് പ്രത്യേക അലവൻസുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിൽ എന്നു വ്യക്തമാക്കുമോ; | |
| (ഡി) വനം വകുപ്പിന്റെ ചന്ദന ഡിവിഷനിൽ ജീവനക്കാർക്ക് പ്രത്യേക ആനുകൂല്യം നൽകുന്നതു പോലെ മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന വനമേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക അലവൻസുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**